സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 59 ലക്കം: 232 2025 ജനുവരി 06 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

പി.വി.അൻവറിന്റെ യുഡിഎഫ് പ്രവേശനത്തിൽ ചർച്ച ചൂടാകുന്നു

തിരു: പി.വി.അൻവറിന്റെ യു.ഡി.എഫ് പ്രവേശത്തിൽ അനൗദ്യോഗിക ചർച്ച നടന്നിട്ടുണ്ടെന്ന് പി.കെ.കുഞ്ഞാലിക്കുട്ടി. ഔദ്യോഗിക തീരുമാനമെടുത്തിട്ടില്ല. എന്നാൽ യു.ഡി.എഫ് ചെയർമാനായ താനറിഞ്ഞ് ചർച്ചയൊന്നും നടന്നിട്ടില്ലെന്ന് വി.ഡി.സതീശൻ പ്രതികരിച്ചു. അതൊക്കെ പിന്നീട് ചർച്ച ചെയ്ത് തീരുമാനിക്കേണ്ട കാര്യമാണെന്നും സതീശൻ കൂട്ടിച്ചേർത്തു. പി.വി.അൻവറിന്റെ യു.ഡി. എഫ് പ്രവേശത്തിൽ വിയോജിപ്പ് പരസ്യമാക്കി ആർ.എസ്.പി രംഗത്ത്. അൻവറിന്റെ വരവിൽ നിലപാടെടുക്കാൻ സമയമായില്ലെന്ന് ഷിബു ബേബി ജോൺ പറഞ്ഞു. അൻവർ ആദ്യം രാഷ്ട്രീയനിലപാട് വ്യക്തമാക്കട്ടെ. പിണറായി വിരുദ്ധത മാത്രമല്ല യു.ഡി.എഫ് പ്രവേശത്തിന്റെ മാനദണ്ഡമെന്നും ഷിബു ബേബി ജോൺ പറഞ്ഞു.

നവീൻ ബാബുവിന്റെ മരണം; സിബിഐ അന്വേഷണമില്ല, ഭാര്യയുടെ ഹർജി തള്ളി



കണ്ണൂർ: എ.ഡി.എം. ആയിരുന്ന കെ.നവീൻ ബാബുവിന്റെ മരണം സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ടുള്ള ഭാര്യയുടെ ഹർജി ഹൈക്കോടതി തള്ളി. എസ് ഐടിയുടെ അന്വേഷണം കണ്ണൂർ റേഞ്ച് ഡിഐജിയുടെ മേൽനോട്ടത്തിലാകണം. റേഞ്ച് ഡിഐജിയുടെ അനുമതിയോടെ മാത്രമേ കേസിന്റെ കുറ്റപത്രം സമർപ്പിക്കാൻ പാടുള്ളൂ എന്നീ നിർദേശങ്ങളോടെയാണ് സിബിഐ അന്വേഷിക്കണമെന്ന ആവശ്യം കോടതി തള്ളിയത്. നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷയുടെ ഹർജിയിൽ ജസ്റ്റിസ് കൗസർ എടപ്പഗത്താണ് വിധി പറഞ്ഞത്. ഹൈക്കോടതി വിധി തൃപ്തികരമല്ലെന്ന് അറിയിച്ച മഞ്ജുഷ, അപ്പീൽ നൽകുമെന്നും വ്യക്തമാക്കി.

ജില്ലാപഞ്ചായത്ത് മുൻ പ്രസിഡന്റും സി.പി.എം. ജില്ലാ കമ്മിറ്റി അംഗവുമായിരുന്ന പി.പി.ദിവ്യയാണ് ആത്മഹത്യാപ്രേരണക്കേസിലെ പ്രതി. പത്തനംതിട്ടയിലേക്ക് സ്ഥലം മാറ്റം കിട്ടിയ നവീൻ ബാബുവിന്റെ യാത്രയയപ്പ് യോഗത്തിൽ അദ്ദേഹത്തെ അഴിമതിക്കാരനായി ചിത്രീകരിച്ച് ദിവ്യ പ്രസംഗിച്ചിരുന്നു. പിറ്റേന്ന്, ഒക്ടോബർ 15-ന് പള്ളിക്കുന്നിലെ ക്വാർട്ടേഴ്സിലാണ് നവീൻ ബാബുവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്.

മരണത്തിൽ തുടക്കം മുതലേ ദുരൂഹത ആരോപിച്ചിരുന്ന നവീൻ ബാബുവിന്റെ കുടുംബം, മരണം കൊലപാതകമാണെന്ന സംശയമാണ് ഹർജിയിൽ ഉന്നയിച്ചത്. ദിവ്യയുടെ രാഷ്ട്രീയസ്വാധീനം കാരണം പോലീസ് ശരിയായ അന്വേഷണം നടത്തില്ലെന്നാണ് ആരോപണം. തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ നവീൻ ബാബുവിന്റെ അടിവസ്ത്രത്തിലെ രക്തക്കറ പോലീസ് അവഗണിച്ചതും ഇൻക്വസ്റ്റ് തിടുക്കത്തിൽ നടത്തിയതും സംശയകരമാണെന്ന വാദവും ഹർജിയിലുണ്ട്. കോടതി നിർദേശിച്ചാൽ അന്വേഷണം ഏറ്റെടുക്കാമെന്ന് സി.ബി.ഐ. വ്യക്തമാക്കിയിരുന്നു. ആരോപണത്തിനപ്പുറം തെളിവുകളൊന്നും ഹാജരാക്കിയിട്ടില്ലെന്നാണ് ഹർജിയെ എതിർത്തുള്ള സർക്കാർവാദം.

നവീൻ ബാബുവിന്റെ കുടുംബത്തിനൊപ്പമാണ് പാർട്ടിയെങ്കിലും സി.ബി.ഐ. അന്വേഷണത്തെ പിന്തുണയ്ക്കില്ലെന്ന് നേതൃത്വം നേരത്തെതന്നെ വ്യക്തമാക്കിയിരുന്നു. സി.ബി.ഐ. ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളെക്കുറിച്ചുള്ള പൊതുനിലപാടിന്റെ ഭാഗമാണിതെന്നാണ് സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ ഉൾപ്പെടെയുള്ളവർ വിശദീകരിച്ചത്. നവീൻ ബാബുവിന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണം സി.ബി.ഐ.ക്ക് വിട്ടാൽ അത് സി.പി.എമ്മിന് ക്ഷീണം ചെയ്യുമെന്നാണ് നിഗമനം.

കണ്ണൂരിന്റെ കുതിപ്പ്, പിന്നാലെ തൃശൂരും

തിരു: 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മൂന്നാംദിനത്തിൽ മത്സരങ്ങൾ പുരോഗമിക്കവേ പോയിന്റ് പട്ടികയിൽ മുന്നിൽ നിലവിലെ ചാമ്പ്യന്മാരായ കണ്ണൂർ (449 പോയിൻറ്). 448 പോയിൻറുമായി തൃശൂർ രണ്ടാമതും 446 പോയിൻറുമായി കോഴിക്കോട് മൂന്നാമതുമുണ്ട്. ആകെയുള്ള 249 ഇനങ്ങളിൽ 118 ഇനങ്ങളാണ് പൂർത്തിയായത്. ഇന്ന് 61 ഇനങ്ങളിൽ മത്സരം നടക്കും.

പ്രധാനവേദിയായ സെൻട്രൽ സ്റ്റേഡിയത്തിലെ എം.ടി-നിളയിൽ ഇന്ന് രാവിലെ ഹയർ സെക്കൻഡറി പെൺകുട്ടികളുടെ കുച്ചുപ്പുടി, ഉച്ചയ്ക്ക് ഹയർസെക്കൻഡറി തിരുവാതിരക്കളി എന്നിവ നടക്കും. രണ്ടാം വേദിയായ വഴുതക്കാട് ഗവൺമെൻറ് വിമൻസ് കോളജ് ഓഡിറ്റോറിയത്തിൽ രാവിലെ ഹയർ സെക്കൻഡറി ആൺകുട്ടികളുടെ നാടോടി നൃത്തം, ഉച്ചയ്ക്ക് ഹയർസെക്കൻഡറി കോൽക്കളി എന്നിവയാണ്. മൂന്നാം വേദിയായ ടാഗോർ തിയേറ്ററിൽ രാവിലെ ഹൈസ്കൂൾ ദഫ്മുട്ട്, ഉച്ചയ്ക്ക് ഹൈസ്കൂൾ ആൺകുട്ടികളുടെ ഭരതനാട്യം എന്നിവയും നാലാം വേദിയായ അച്ചൻ കോവിലാറിൽ (കിഴക്കേക്കോട്ട) ഹയർ സെക്കൻഡറി ചവിട്ടുനാടകം, അഞ്ചാംവേദിയായ ഗവൺമെൻറ് എച്ച്.എസ്.എസ് മണക്കാടിൽ രാവിലെ ഹയർ സെക്കൻഡറി പെൺകുട്ടികളുടെ കേരളനടനം, ഉച്ചയ്ക്ക് ഹയർ സെക്കൻഡറി പെൺകുട്ടികളുടെ നാടോടിനൃത്തം എന്നിവയും നടക്കും. വിശദമായ മത്സരക്രമങ്ങൾക്കും ഫലങ്ങൾക്കും സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വെബ്സൈറ്റ് സന്ദർശിക്കാം.

പിന്മാറില്ല, ഏതറ്റംവരെയും പോകും; സംശയങ്ങൾ നിലനിൽക്കുന്നു: മഞ്ജുഷ

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ സിബിഐ അന്വേഷണം വേണമെന്ന ഭാര്യ മഞ്ജുഷയുടെ ഹർജി തള്ളി ഹൈക്കോടതി. എന്നാൽ പിന്മാറാൻ ഉദ്ദേശിക്കുന്നില്ലെന്നും അപ്പീലുമായി മുന്നോട്ടുപോകുമെന്നും മഞ്ജുഷ മാധ്യമങ്ങളോട് പ്രതികരിച്ചു. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ (എസ്.ഐ.ടി.) അന്വേഷണത്തിൽ തൃപ്തയല്ലെന്നും കേസുമായി ഏതറ്റംവരെയും മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നതെന്നും മഞ്ജുഷ പറഞ്ഞു.

എസ്.ഐ.ടി.യുടെ അന്വേഷണത്തിൽ തൃപ്തിയില്ലാത്തതുകൊണ്ടാണ് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്. ഞങ്ങളുടെ ഭാഗം കോടതി വേണ്ടരീതിയിൽ പരിഗണിച്ചില്ല എന്നതിന്റെ തെളിവാണ് ഈ വിധി. മരണവുമായി ബന്ധപ്പെട്ട സംശയങ്ങളെല്ലാം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതുകൊണ്ടു തന്നെ കേസുമായി ഏതറ്റംവരെയും മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നതും മഞ്ജുഷ വ്യക്തമാക്കി.

ഡി.ഐ.ജി. യതീഷ് ചന്ദ്രയുടെ മേൽനോട്ടത്തിൽ എസ്.ഐ.ടി. കേസ് അന്വേഷിക്കും. ഉന്നത ഉദ്യോഗസ്ഥർ കേസ് നിരീക്ഷിക്കണമെന്നും കണ്ണൂർ റേഞ്ച് ഡി.ഐ.ജി. ഇതിന്റെ ചുമതല വഹിക്കണമെന്നും കോടതി ഉത്തരവിലുണ്ട്. എന്നാൽ ഈ ഉത്തരവും തൃപ്തികരമല്ലെന്ന് മഞ്ജുഷ പറഞ്ഞു. അപ്പീലുമായി മുന്നോട്ടുപോകുമെന്ന് നവീൻ ബാബുവിന്റെ സഹോദരൻ പ്രവീൺ ബാബുവും മാധ്യമങ്ങളോട് പറഞ്ഞു.

ജില്ലാപഞ്ചായത്ത് മുൻ പ്രസിഡന്റും സി.പി.എം. ജില്ലാ കമ്മിറ്റി അംഗവുമായിരുന്ന പി.പി.ദിവ്യയാണ് നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട ആത്മഹത്യാ പ്രേരണക്കേസിലെ പ്രതി. പത്തനംതിട്ടയിലേക്ക് സ്ഥലംമാറ്റം കിട്ടിയ നവീൻ ബാബുവിന്റെ യാത്രയയപ്പ് യോഗത്തിൽ അദ്ദേഹത്തെ അഴിമതിക്കാരനായി ചിത്രീകരിച്ച് ദിവ്യ പ്രസംഗിച്ചിരുന്നു. പിറ്റേന്ന്, ഒക്ടോബർ 15-ന് പള്ളിക്കുന്നിലെ ക്വാർട്ടേഴ്സിലാണ് നവീൻ ബാബുവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്.

മരണത്തിൽ തുടക്കം മുതലേ ദുരൂഹത ആരോപിച്ചിരുന്ന നവീൻ ബാബുവിന്റെ കുടുംബം, മരണം കൊലപാതകമാണെന്ന സംശയമാണ് ഹർജിയിൽ ഉന്നയിച്ചത്. ദിവ്യയുടെ രാഷ്ട്രീയസ്വാധീനം കാരണം പോലീസ് ശരിയായ അന്വേഷണം നടത്തില്ലെന്നാണ് ആരോപണം. തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ നവീൻ ബാബുവിന്റെ അടിവസ്ത്രത്തിലെ രക്തക്കറ പോലീസ് അവഗണിച്ചതും ഇൻക്വസ്റ്റ് തിടുക്കത്തിൽ നടത്തിയതും സംശയകരമാണെന്ന വാദവും ഹർജിയിലുണ്ട്. കോടതി നിർദേശിച്ചാൽ അന്വേഷണം ഏറ്റെടുക്കാമെന്ന് സി.ബി.ഐ. വ്യക്തമാക്കിയിരുന്നു. ആരോപണത്തിനപ്പുറം തെളിവുകളൊന്നും ഹാജരാക്കിയിട്ടില്ലെന്നാണ് ഹർജിയെ എതിർത്തുള്ള സർക്കാർവാദം.

ദിവസങ്ങൾക്കുമുൻപ് കെട്ടിയിട്ട നിലയിൽ കണ്ടെത്തിയ വീട്ടമ്മതൂങ്ങിമരിച്ച നിലയിൽ

ആലപ്പുഴ: കെട്ടിയിട്ട നിലയിൽ ഏതാനും ദിവസങ്ങൾക്ക് മുൻപ് കണ്ടെത്തിയ വീട്ടമ്മ തൂങ്ങിമരിച്ച നിലയിൽ. ആലപ്പുഴ കാട്ടൂരിലാണ് സംഭവം. മാരാരിക്കുളം തെക്ക് പഞ്ചായത്ത് 19-ാം വാർഡിൽ കാട്ടൂർ പുത്തൻപുരയ്ക്കൽ ജോൺ കുട്ടിയുടെ ഭാര്യ തങ്കമ്മയെ (58) ആണ് മരിച്ച നിലയിൽ കണ്ടെത്തിയത്. കഴിഞ്ഞ ബുധനാഴ്ച വീട്ടിൽ ആരുമില്ലാതിരുന്ന സമയത്താണ് വീട്ടമ്മയെ കെട്ടിയിട്ട നിലയിൽ കണ്ടെത്തിയത്. തുടർന്ന് മകൻ പൊലീസിൽ പരാതി നൽകിയിരുന്നു.

വീട്ടമ്മ അജ്ഞാതന്റെ ആക്രമണത്തിന് ഇരയായെന്നാണ് പൊലീസിന്റെ നിഗമനം. മുഖം മൂടി ധരിച്ചെത്തിയ അക്രമി പട്ടാപ്പകൽ വീട്ടമ്മയെ കുടുകൊണ്ട് മർദ്ദിച്ച് ബോധം കെടുത്തിയതിനുശേഷം ജനൽ കമ്പിയിൽ കെട്ടിയിടുകയായിരുന്നു. ജോലി കഴിഞ്ഞ് തിരികെയെത്തിയ മകനാണ് വായിൽ തുണി തിരുകിയ നിലയിൽ ബോധരഹിതയായി അമ്മയെ കാണുന്നത്. വീടിന്റെ പ്രധാന വാതിൽ പൂട്ടിയതിനുശേഷമാണ് അക്രമി മടങ്ങിയത്. അമ്മയെ വിളിച്ചിട്ട് പ്രതികരണമില്ലാത്തതിനാൽ അടുക്കള വാതിലിലൂടെ അകത്ത് കടന്നപ്പോഴാണ് കെട്ടിയിട്ട നിലയിൽ മകൻ കണ്ടെത്തിയത്. മോഷണ ശ്രമമാണെന്നാണ് കരുതിയതെങ്കിലും ആഭരണങ്ങൾ അടക്കം ഒന്നും നഷ്ടമായിരുന്നില്ല. സംഭവത്തിൽ മണ്ണഞ്ചേരി പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നതിനിടയാണ് ആത്മഹത്യ.

പനമരം പഞ്ചായത്ത് ഭരണം എൽ.ഡി.എഫിന് നഷ്ടമായി

പനമരം: വയനാട് പനമരം പഞ്ചായത്ത് ഭരണം എൽ.ഡി.എഫിന് നഷ്ടമായി. പ്രസിഡന്റിനെതിരെ യു.ഡി.എഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിന് അനുകൂലമായി എൽ.ഡി.എഫ് അംഗം വോട്ട് ചെയ്തതോടെയാണ് ഭരണം നഷ്ടമായത്.

23 അംഗ ഭരണസമിതിയിൽ 11 സീറ്റ് എൽ.ഡി. എഫിനും, 11 സീറ്റ് യു.ഡി.എഫിനുമായിരുന്നു. ഒരംഗമുള്ള ബി.ജെപി വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നു.

100 കോടി ക്ലബ്ബിലേക്ക് കുതിച്ച് മഹാരാജ; ചൈനയിൽ 5 വർഷത്തിനിടെ കൂടുതൽ കളക്ഷൻ നേടുന്ന ഇന്ത്യൻ ചിത്രം

ചെന്നൈ: കഴിഞ്ഞ വർഷം തമിഴിൽ നിന്നുമെത്തി കേരളത്തിലടക്കം വൻ വിജയം നേടിയ ചിത്രമായിരുന്നു വിജയ് സേതുപതി നായകനായ മഹാരാജ. നിതിലൻ സാമിനാഥനാണ് ചിത്രത്തിന് തിരക്കഥയെഴുതി സംവിധാനംചെയ്തത്. വിജയ് സേതുപതിയുടെ അമ്പതാം ചിത്രമായിരുന്നു മഹാരാജ. മികച്ച പ്രേക്ഷക-നിരൂപക പ്രശംസ നേടിയ ചിത്രം ഈയിടെ ചൈനയിൽ മൊഴിമാറ്റി പ്രദർശനത്തിനെത്തിയിരുന്നു. ചിത്രത്തിന് മികച്ച പ്രതികരണമാണ് ചൈനയിലും ലഭിക്കുന്നത്.

ചൈനയിൽ തരംഗം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ചിത്രം 100 കോടി ക്ലബിലേക്ക് കുതിക്കുകയാണെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. കഴിഞ്ഞ 5വർഷത്തിനിടയിൽ ചൈനയിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടുന്ന ചിത്രമായി മഹാരാജ മാറിക്കഴിഞ്ഞു. ചൈനീസ് എംബസ്സിയിലെ ഒരു വക്താവ് ഇതുസംബന്ധിച്ച് ട്വീറ്റ് ചെയ്തിട്ടുമുണ്ട്. 2018 ന് ശേഷം ചൈനയിൽ നിന്ന് ഏറ്റവും കൂടുതൽ കളക്ഷൻ നേടുന്ന ഇന്ത്യൻ ചിത്രമാണ് മഹാരാജ. സിനിമ 91.55 കോടി രൂപ നേടിയെന്നും ചൈനീസ് എംബസ്സിയിലെ വക്താവ് ട്വിറ്ററിൽ കുറിച്ചു.

ചൈനയിൽ നിന്ന് ഏറ്റവും കൂടുതൽ കളക്ഷൻ നേടുന്ന തമിഴ് ചിത്രമെന്ന നേട്ടം മഹാരാജ നേരത്തേ സ്വന്തമാക്കിയിരുന്നു. ജൂൺ 18ന് നെറ്റ്ഫ്ളിക്സിൽ എത്തിയ ചിത്രം തായ്വാനിൽ ടോപ് 10 ഇംഗ്ലീഷ് ഇതര ചിത്രങ്ങളുടെ പട്ടികയിൽ ഇടം നേടുകയും 6 ആഴ്ച തുടർച്ചയായി ആ സ്ഥാനം നിലനിർത്തുകയും ചെയ്തിരുന്നു. ചൈനയിലെയും തായ്വാനിലെയും ഓൺലൈൻ മാധ്യമങ്ങളിൽ ചിത്രത്തെയും വിജയ് സേതുപതിയെയും അഭിനന്ദിക്കുന്ന പോസ്റ്റുകളും വന്നിരുന്നു.

ഇക്കഴിഞ്ഞ നവംബർ 29നാണ് മഹാരാജയുടെ ചൈനീസ് മൊഴിമാറ്റ പതിപ്പ് റിലീസ് ചെയ്തത്. സിനിമയ്ക്ക് എത്രത്തോളം സ്വീകാര്യത ലഭിച്ചു എന്നതിന്റെ തെളിവായി അണിയറപ്രവർത്തകർ ഒരു വീഡിയോയും പുറത്തുവിട്ടിരുന്നു. തിയേറ്ററിൽ സിനിമ കാണുന്ന പ്രേക്ഷകർ പൊട്ടിക്കരയുന്നതാണ് വീഡിയോയിലുള്ളത്.

കർണാടകയിൽ രണ്ട് HMPV കേസുകൾ; സ്ഥിരീകരിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം

ന്യൂഡൽഹി: ചൈനയിൽ കണ്ടെത്തിയ ഹ്യൂമൻമെറ്റാന്യൂമോവൈറസ് (എച്ച്.എം.പി.വി) ബാധ കർണാടകയിൽ രണ്ടുപേരിൽ കണ്ടെത്തിയിട്ടുണ്ടെന്ന് സ്ഥിരീകരണം. കേന്ദ്ര ആരോഗ്യ മന്ത്രാലയമാണ് ഇക്കാര്യം അറിയിച്ചത്.

മൂന്ന് മാസവും എട്ട് മാസവും പ്രായമുള്ള കുഞ്ഞുങ്ങളിലാണ് വൈറസ്ബാധ കണ്ടെത്തിയത്. രണ്ടും ബെംഗളൂരുവിലാണ് സ്ഥിരീകരികരിച്ചിട്ടുള്ളത്. മൂന്ന് മാസം പ്രായമുള്ള കുട്ടി ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്തു. എട്ടുമാസം പ്രായമുള്ള കുട്ടി സുഖംപ്രാപിച്ച് വരികയാണെന്നും അധികൃതർ വ്യക്തമാക്കി.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ഐസിഎംആർ) പതിവ് നിരീക്ഷണത്തിലാണ് എച്ച്.എം.പി.വി കേസുകൾ തിരിച്ചറിഞ്ഞതെന്ന് ആരോഗ്യ മന്ത്രാലയം അറിയിച്ചു.

'രാജ്യത്തുടനീളമുള്ള ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ നിരീക്ഷിക്കുന്നതിന് ഐസിഎംആർ നടത്തുന്ന ശ്വാസകോശ വൈറൽ രോഗകാരികൾക്കായുള്ള പതിവ് നിരീക്ഷണത്തിലൂടെയാണ് രണ്ട് കേസുകളും തിരിച്ചറിഞ്ഞത്' ആരോഗ്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

നേരത്തെ രാജ്യത്ത് ആദ്യ എച്ച്എംപിവി കേസ് ബെംഗളൂരുവിൽ സ്ഥിരീകരിച്ചതായി കർണാടക സർക്കാർ അറിയിച്ചിരുന്നു. ബെംഗളൂരുവിൽ സ്വകാര്യ ആശുപത്രിയിൽ 8മാസം പ്രായമുള്ള കുഞ്ഞിനാണ് വൈറസ് ബാധ ആദ്യം കണ്ടെത്തിയതെന്നായിരുന്നുവിവരം. ബെംഗളൂരു ബാപ്റ്റിസ്റ്റ് ആശുപത്രയിലാണ് ഈ കേസ് റിപ്പോർട്ട് ചെയ്തത്.

അതേസമയം ചൈനയിൽ അതിവേഗം പടരുന്ന ഹ്യൂമൻ മെറ്റാന്യൂമോവൈറസ് (എച്ച്.എം.പി.വി.) സംബന്ധിച്ച് ആശങ്കയുടെ ആവശ്യമില്ലെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയവും ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസും നേരത്തെ അറിയിച്ചിരുന്നു. ജലദോഷത്തിന് കാരണമാകുന്ന ഒരു സാധാരണ ശ്വസനപ്രശ്നം മാത്രമാണിതെന്നാണ് അധികൃതർ വ്യക്തമാക്കിയിട്ടുള്ളത്.

പന്നിക്കുവെച്ച കെണിയിൽ കുടുങ്ങിയത് പുലി!

കണ്ണൂർ: കാക്കയങ്ങാട് പന്നിക്കുവെച്ച കെണിയിൽ പുലി കുടുങ്ങി. ഒരു വീട്ടുപറമ്പിലെ കേബിൾ കെണിയിൽ കുടുങ്ങിയ നിലയിലാണ് പുലിയെ കണ്ടെത്തിയത്. പോലീസും വനംവകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തിയിട്ടുണ്ട്. മയക്കുവെടിവെച്ച് പുലിയെ പിടികൂടാനാണ് ശ്രമം. സുരക്ഷ കണക്കിലെടുത്ത് സമീപമുള്ള വീടുകളിൽനിന്ന് താമസക്കാരെ ഒഴിപ്പിച്ചുണ്ട്. ഇവിടെ എങ്ങന പുലിയെത്തി എന്ന കാര്യത്തിൽ വ്യക്തതയില്ല.

ഡീലക്സ് ബസ് കൊക്കയിലേക്ക് മറിഞ്ഞ് നാല് പേർ മരിച്ചു

ഇടുക്കി: വിനോദയാത്രാ സംഘം സഞ്ചരിച്ചിരുന്ന കെഎസ്ആർടിസി ബസ് കൊക്കയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ നാല് മരണം. ഇടുക്കി പുല്ലുപാറയിൽ ഇന്ന് രാവിലെ ആറര മണിയോടെയാണ് ദാരുണമായ അപകടം ഉണ്ടായത്. രണ്ട് സ്ത്രീകളും രണ്ട് പുരുഷന്മാരുമാണ് മരിച്ചത്. അരുൺ ഹരി (40), രമ മോഹൻ (55), സംഗീത്(45), ബിന്ദു ഉണ്ണിത്താൻ (55) എന്നിവരാണ് മരിച്ചത്. ആദ്യ മൂന്ന് പേരുടെ മൃതദേഹങ്ങൾ കുട്ടിക്കാനം മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലും ബിന്ദു ഉണ്ണിത്താൻ (55) ന്റെ മൃതദേഹം പാലാ മെഡിസിറ്റിയിലുമാണ് ഉള്ളത്.

ഇടുക്കിയിൽ കുട്ടിക്കാനത്തിനും മുണ്ടക്കയത്തിനും ഇടയിലാണ് അപകടസ്ഥലം. 30 അടി താഴ്ചയിലേക്ക് ബസ് മറിയുകയായിരുന്നു.മാവേലിക്കരയിൽ നിന്നും കെഎസ് ആർടിസി ബഡ്ജറ്റ് ടൂറിസം പാക്കേജിന്റെ ഭാഗമായി തഞ്ചാവൂർ,മധുര എന്നിവിടങ്ങളിലേക്ക് വിനോദയാത്ര പോയി തിരികെവന്ന സംഘം സഞ്ചരിച്ച ഡീലക്സ് ബസാണ് അപകടത്തിൽ പെട്ടത്. 34 യാത്രക്കാർ അപകടസമയം ബസിലുണ്ടായിരുന്നു മൂന്ന് ജീവനക്കാരും ഉണ്ടായിരുന്നു. അപകടം നടന്നയുടൻ ബസിലുള്ളവരെ പുറത്തെത്തിച്ചു. പൊലീസും നാട്ടുകാരും ചേർന്ന് നടത്തിയ രക്ഷാപ്രവർത്തനത്തിലാണ് ഇവരെ പുറത്തെത്തിക്കാനായത്. ബസ് ഉയർത്താനുള്ള ശ്രമം ഇപ്പോഴും തുടരുകയാണ്.

തഞ്ചാവൂരിൽ നിന്ന് തിരികെ മാവേലിക്കരയിലേക്ക് വരുമ്പോഴായിരുന്നു അപകടം. ഇന്ന് പുലർച്ചെ അഞ്ചോടെ മാവേലിക്കരയിൽ എത്തേണ്ട ബസാണിത്. ആറര മണിയോടെയാണ് അപകടം ഉണ്ടായത്. പരിക്കുള്ളവരെ പീരുമേട്, മുണ്ടക്കയം എന്നിവിടങ്ങളിലെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. അതേസമയം താഴേക്ക് പതിച്ച ബസ് ഒരു മരത്തിൽ തട്ടി നിന്നതിനാൽ വൻദുരന്തം ഒഴിവായി. 30 അടി താഴ്ചയിലാണ് ബസ് മരത്തിൽ തങ്ങി നിന്നത്. ബസിന്റെ ബ്രേക്ക് നഷ്ടമായതാണ് അപകട കാരണം എന്ന് ഡ്രൈവർ പറഞ്ഞതായാണ് വിവരം. വലിയ വളവുകളുള്ള ഇവിടെ കഴിഞ്ഞ ദിവസവും അപകടം നടന്നിരുന്നു. ശബരിമല തീർത്ഥാടകർ സഞ്ചരിച്ച വാഹനമാണ് മുൻപ് അപകടത്തിൽ പെട്ടത്.

ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, ഇടുക്കി ജില്ലാ കളക്ടർ വി വിഗ്നേശ്വരി എന്നിവർ ആശുപത്രിയിൽ സന്ദർശനം നടത്തി. ബസിൽ സഞ്ചരിച്ചിരുന്ന യാത്രക്കാരുടെ വിവരങ്ങൾ അറിയുന്നതിന് ബന്ധുക്കൾക്ക് 9447659645, ഹാഷിം 9645947727 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

ഡൽഹി മുഖ്യമന്ത്രിക്കെതിരെ അധിക്ഷേപ പരാമർശവുമായി ബിജെപി നേതാവ്

ന്യൂഡൽഹി: ഡൽഹിയിലെ റോഡുകൾ പ്രിയങ്കാ ഗാന്ധിയുടെ കവിളുകൾ പോലെയാക്കും എന്ന പരാമർശം നടത്തിയ ബിജെപി നേതാവ് വീണ്ടും വിവാദത്തിൽ. ഡൽഹിയിലെ ബിജെപി നേതാവ് രമേഷ് ബിധുരിയാണ് പ്രസംഗത്തിനിടെ തുടർച്ചയായി വിവാദത്തിൽ പെട്ടത്. ഇത്തവണ ഡൽഹി മുഖ്യമന്ത്രി അതിഷി മർലേനയ്ക്കെതിരെയാണ് രമേഷ് മോശം പരാമർശം നടത്തിയത്. അതിഷി അച്ഛനെ മാറ്റി എന്നായിരുന്നു രമേഷ് ബിധുരി പറഞ്ഞത്. ആദ്യം അതിഷി മർലേന ആയിരുന്നു ഇപ്പോൾ അതിഷി സിംഗ് ആയി എന്നാണ് രമേഷ് പ്രസംഗിച്ചത്. ഇതാണ് ആം ആദ്മി പാർട്ടിയുടെ സ്വഭാവം എന്നാണ് അദ്ദേഹം പ്രസംഗത്തിൽ വ്യക്തമാക്കിയത്.പാർലമെന്റ് ആക്രമണ കേസിലെ പ്രധാന പ്രതിയായ അഫ്സൽ ഗുരുവിന് വേണ്ടി ദയാഹർജി നൽകിയവരാണ് അതിഷിയുടെ മാതാപിതാക്കളെന്ന് ബിധുരി കുറ്റപ്പെടുത്തി. സംഭവത്തിൽ ആം ആദ്മി പാർട്ടി ശക്തമായി പ്രതിഷേധിച്ചു. ബിജെപി നേതാക്കൾ എല്ലാ പരിധിയും ലംഘിക്കുന്നതായി ഡൽഹി മുൻ മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കേജ്രിവാൾ പറഞ്ഞു.

പോലീസിനെ നിലത്തിട്ട് ചവിട്ടി, വലിയ നാശനഷ്ടം; അക്രമം അൻവറിന്റെ പ്രേരണയിലെന്ന് റിമാൻഡ് റിപ്പോർട്ട്

കോഴിക്കോട്: നോർത്ത് ഡി.എഫ്.ഒ. ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് പോലീസ് ഫയൽ ചെയ്തിരിക്കുന്ന കേസിന്റെ റിമാൻഡ് റിപ്പോർട്ട് പുറത്ത്. അക്രമികൾ പോലീസിനെ നിലത്തിട്ട് ചവിട്ടിയതായും ഓഫീസിന് 35000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായും റിപ്പോർട്ടിൽ പറയുന്നു. സംഭവസമയത്ത് പി.വി. അൻവർ എം.എൽ.എ. ഓഫീസിനുള്ളിൽ ഇല്ലായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പ്രേരണയിലാണ് ആക്രമണം നടന്നത് എന്നാണ് ആരോപണം.

ആക്രമണം നടക്കുന്ന സമയത്ത് താൻ ഓഫീസിനകത്ത് ഉണ്ടായിരുന്നില്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മൂന്നാമത്തെ സ്കൂൾ കെട്ടിട നിർമ്മാണോദ്ഘാടനം

ഒല്ലൂർ : ഒല്ലൂർ നിയോജക മണ്ഡലത്തിലെ പുത്തൂർ പഞ്ചായത്തിൽ ഒരു കോടി രൂപ ചെലവഴിച്ച് ആധുനിക നിലവാരത്തിൽ നിർമ്മിക്കുന്ന പുത്തൂർ ഗവണ്മെന്റ്.എൽ.പി സ്കൂളിലെ മൂന്നാമത്തെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം കേരള റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വക്കെറ്റ് കെ.രാജൻ നിർവഹിച്ചു.

പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ. ആർ.രവി മുഖ്യാതിഥിയായിരുന്നു. ജി.എൽ.പി.എസ് പുത്തൂർ ഹെഡ്മിസ്ട്രസ്സ് റിംസി ജോസ് സ്വാഗതം പറഞ്ഞു. പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടി.കെ.സന്തോഷ് കുമാർ പദ്ധതി വിശദീകരണം നടത്തി.പുത്തൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് അശ്വതി സുനീഷ്,ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സിനി പ്രദീപ്കുമാർ,ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി.എസ്.ബാബു, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് മെമ്പർ കെ.വി.സജു,പുത്തൂർ ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.എസ്.സജിത്ത്, ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ നളിനി വിശ്വംഭരൻ, പുത്തൂർ ഗ്രാമപഞ്ചായത്ത് മെമ്പർ പി.ബി. സുരേന്ദ്രൻ, പുത്തൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡണ്ട് പി.ജി.ഷാജി, വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ എൻ.കെ.രമേഷ്,തൃശ്ശൂർ ഈസ്റ്റ് എ.ഇ.ഒ ജീജ വിജയൻ, GVHSS,HSS ഹെഡ്മിസ്ട്രസ്സ് മരകതം, GVHSS,VHSC പ്രിൻസിപ്പാൾ ടിനോ മൈക്കിൾ, GVHSS ഹെഡ് മിസ്ട്രസ്സ് കെ.എ. ഉഷാകുമാരി, CPIM പുത്തൂർ വെസ്റ്റ് ലോക്കൽ കമ്മിറ്റി സെക്രട്ടറി ജയൻ തെക്കേത്തറ, CPI പുത്തൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി ടി.എസ്.മുരളീധരൻ, BJP പുത്തൂർ മണ്ഡലം പ്രസിഡണ്ട് പ്രദീപ് ഞാറ്റുവെട്ടി, GLPS പുത്തൂർ PTA പ്രസിഡണ്ട് ചിന്തു ചന്ദ്രൻ, എസ്. എം.സി ചെയർമാൻ സുബീഷ് കെ.എം,GVHSS പുത്തൂർ പി.ടി.എ പ്രസിഡണ്ട് കെ.എം.സുധീർ,GLPS പുത്തൂർ MPTA പ്രസിഡണ്ട് മേഘ സുമേഷ് എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. ജി.എൽ.പി.എസ് പുത്തൂർ ഫസ്റ്റ് അസിസ്റ്റന്റ് കെ.എസ്.സജിത നന്ദി പറഞ്ഞു. പ്രസ്തുത പരിപാടികൾക്ക് പി.ടി.എ വൈസ് പ്രസിഡണ്ട് ടി.എ.വിജയൻ,എം.പി.ടി. എ വൈസ് പ്രസിഡണ്ട് അനു സോണി,എസ്.എം.സി വൈസ് പ്രസിഡണ്ട് മാർവിൻ മൈക്കിൾ,മറ്റ് പി.ടി.എ,എസ്.എം. സി,എം. പി.ടി.എ സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

ബജറ്റിൽ പത്രപ്രവർത്തക പെൻഷൻ 15000 രൂപയായി വർദ്ധിപ്പിക്കണം

കൊല്ലം: അടുത്ത കേരള ബജറ്റിൽ പത്രപ്രവർത്തക പെൻഷൻ 15000 രൂപയായി വർദ്ധിപ്പിക്കണമെന്നും മെഡിസെപ് പദ്ധതിയിൽ മുതിർന്ന മാധ്യമപ്രവർത്തകരെ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് സീനിയർ ജേണലിസ്റ്റ്സ് ഫോറം ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാലിനു നിവേദനം നൽകി.

ഫോറം സംസ്ഥാന പ്രസിഡന്റ് അലക്സാണ്ടർ സാം ആണു നിവേദനം ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാലിനു നേരിട്ട് സമർപ്പിച്ചത്.

കൊട്ടാരക്കരയിൽ മന്ത്രിയോടൊപ്പമുള്ള ഒരു ചടങ്ങിനിടയിലാണു ഇത് നൽകിയത്. തദവസരത്തിൽ മുതിർന്ന മാധ്യമപ്രവർത്തകരുടെ അടിയന്തരാവശ്യങ്ങൾ ഫോറം സംസ്ഥാന പ്രസിഡന്റ് അലക്സാണ്ടർ സാം മന്ത്രിയെ ബോധ്യപ്പെടുത്തുകയും ചെയ്തു. ബജറ്റ് തയ്യാറാക്കുമ്പോൾ മുതിർന്ന മാധ്യമപ്രവർത്തകരെ മറക്കരുതെന്നും പ്രത്യേകം പറഞ്ഞു.

പത്രപ്രവർത്തക പെൻഷൻ 15000 രൂപയാക്കി വർദ്ധിപ്പിക്കണമെന്നും മെഡിസെപ് പദ്ധതിയിൽ മുതിർന്ന മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട നിവേദനം നേരത്തെ മുഖ്യമന്ത്രി പിണറായി വിജയനു ഫോറം സംസ്ഥാന കമ്മിറ്റി നൽകിയിട്ടുണ്ട്.

നീഡ്സിന്റെ നേതൃത്വത്തിൽ ജനുവരി 17 ന് അനുസ്മരണ പദയാത്രയും ഗാന്ധി സ്മൃതി സംഗമവും

ഇരിങ്ങാലക്കുട : മഹാത്മാ ഗാന്ധിയുടെ ഇരിങ്ങാലക്കുട സന്ദർശനത്തിന്റെ അനുസ്മരണാർത്ഥം ജനുവരി 17 ന് നീഡ്സിന്റെ നേതൃത്വത്തിൽ അനുസ്മരണ പദയാത്രയും ഗാന്ധിസ്മൃതി സംഗമവും നടത്തുന്നു. 1934 ജനുവരി 17 ന് ഗാന്ധിജി പങ്കെടുത്ത ചെളിയം പാടം വേദിയിൽ നിന്നും വിശ്രമിച്ച ഇപ്പോഴത്തെ പിഡബ്ല്യു റെസ്റ്റ് ഹൗസിലേക്കാണ് പദയാത്രയെന്ന് നീഡ്സ് പ്രസിഡണ്ട് അഡ്വ തോമസ് ഉണ്ണിയാടൻ പത്ര സമ്മേളനത്തിൽ അറിയിച്ചു. തുടർന്ന് നടക്കുന്ന ഗാന്ധിസ്മൃതി സംഗമത്തിൽ ഗാന്ധിയൻ ഡോ പി വി കൃഷ്ണൻ നായർ ഗാന്ധി സന്ദേശം നൽകും. ഗാന്ധിയൻ ദർശനങ്ങളുടെ കാലിക പ്രസക്തിയെക്കുറിച്ചും ഗാന്ധി സന്ദർശനത്തിന്റെ സ്മരണകൾ ഉണർത്തുന്നതിനും വേണ്ടിയാണ് മഹാത്മാ പാദമുദ്ര @ 91 സംഘടിപ്പിക്കുന്നത്. നീഡ്സ് വൈസ് പ്രസിഡന്റ് പ്രൊഫ ആർ ജയറാം, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി ഗുലാം മുഹമ്മദ്, സെക്രട്ടറിമാരായ ബോബി ജോസ്, കെ പി ദേവദാസ് , ട്രഷറർ ആശാലത എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ബാലൻനായർ പ്രസിഡണ്ട് ശങ്കരൻകുട്ടി മേനോൻ – സെക്രട്ടറി

പുത്തൂർ: പുത്തൂർ പടിഞ്ഞാട്ടുമുറി എൻ എസ് എസ് കരയോഗത്തിന്റെ വാർഷിക പൊതുയോഗം പ്രസിഡണ്ട് എ ബാലൻ നായരുടെ അധ്യക്ഷതയിൽ ചേർന്നു. തൃശൂർ താലൂക്ക് യൂണിയൻ സെക്രട്ടറി കെ രാജഗോപാലൻ യോഗം ഉദ്ഘാടനം ചെയ്തു. കെ ഗോപിനാഥൻ മുഖ്യപ്രഭാഷണം നടത്തി. കരയോഗം അംഗങ്ങളുടെ മക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

അടുത്ത 3 വർഷത്തേക്കുള്ള ഭാരവാഹികളെ ഏകകണ്ഠേന തെരഞ്ഞെടുത്തു. എ ബാലൻ നായരെ പ്രസിണ്ടായും വി. ശങ്കരൻകുട്ടി മേനോനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. സി ഗോപി-വൈസ് പ്രസിഡണ്ട്, സി ജയരാജൻ (ജോ.സെക്രട്ടറി), കെ വിജയകുമാർ (ട്രഷറർ), കെ സുനിൽകുമാർ, എൻ ബി ബാബു, കെ ഗോപിനാഥമേനോൻ, പി മണിക്കുട്ടൻ, കെ സുരേഷ്, മനോജ് സി. (കമ്മിറ്റി അംഗങ്ങൾ) എന്നിവരാണ് മറ്റു ഭാരവാഹികൾ. താലൂക്ക് യൂണിയനിലേക്ക് എ ബാലൻ നായർ, വി ശങ്കരൻകുട്ടി മേനോൻ ഇലക്ട്രറൽ മെമ്പറായി ഗോപിനാഥമേനോൻ എന്നിവരെയും തെരഞ്ഞെടുത്തു. സെക്രട്ടറി വി ശങ്കരൻകുട്ടി മേനോൻ സ്വാഗതവും കെ വിജയകുമാർ നന്ദിയും പറഞ്ഞു.

നിര്യാതയായി

നടത്തറ:മൈനർ റോഡിൽ കുട്ടനെല്ലൂർ വീട്ടിൽ പരേതനായ ശങ്കുണ്ണി ഭാര്യ ശാരദ (88) അന്തരിച്ചു. സംസ്കാരം ഇന്ന് കാലത്ത് 11 മണിയ്ക്ക് വീട്ടുവളപ്പിൽ നടന്നു. മക്കൾ: ചന്ദ്രൻ, പരേതനായ ബാലകൃഷ്ണൻ, ശാലിനി, രവി, അജയൻ, പത്മിനി, കോമളം, സുരേഷ് .മരുമക്കൾ: ജയ ചന്ദ്രൻ, സിന്ധു അജയൻ, സിന്ധു സുരേഷ്, അശോകൻ, പരേതനായ ഹരിദാസ്, മനോഹരൻ.

വാർഷികാഘോഷം

ഇരിങ്ങാലക്കുട: സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിന്റെ വാർഷികാഘോഷം ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ നിർവഹിച്ചു.അതോടൊപ്പം മികച്ച അധ്യാപകരെയും വിരമിക്കുന്ന അധ്യാപകരെയും ആദരിക്കുകയും ചെയ്തു.സ്കൂൾ പ്രിൻസിപ്പൽ ആൻസൺ ഡൊമിനിക് പി സ്വാഗത പ്രസംഗം നടത്തി.കോർപറേറ്റ് മാനേജർ ഫാദർ സീജോ ഇരിമ്പൻ വിരമിക്കുന്ന അധ്യാപികയായ ഷീജ ടീച്ചറുടെ ഫോട്ടോ അനാച്ഛാദനം ചെയ്ത് സംസാരിച്ചു.സ്കൂൾ മാനേജർ റവ.ഫാദർ.ഡോ:പ്രൊഫസർ ലാസർ കുറ്റിക്കാടൻ അധ്യക്ഷ പ്രസംഗം നടത്തിയ പരിപാടിയിൽ പാർവ്വതി എം ആർ റിപ്പോർട്ട് അവതരിപ്പിച്ചു മുനിസിപ്പൽ വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ സമ്മാന വിതരണം നിർവഹിച്ചു.വാർഡ് കൗൺസിലർ ഫെനി എബിൻ, പിടിഎ പ്രസിഡന്റ് കെ ആർ ബൈജു, മാനേജ്മെന്റ് പ്രതിനിധി തിമോസ് പി ജെ, ഹൈസ്കൂൾ എച്ച് എം റീജ ജോസ്, ആൻസി ലാൽ കെ. ബി, ഒ എസ് എ പ്രസിഡന്റ് ജോർജ് മാത്യു, ജോയിന്റ് സ്റ്റാഫ് സെക്രട്ടറി ഹണി സി, സ്കൂൾ ചെയർപേഴ്സൺ ജെയിൻ റോസ് പി ജോഷി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വിരമിക്കുന്ന അധ്യാപികമാരായ ഷീജ സി ഡി, നീമ റോസ് നിക്ലോവസ്, ജാൻസി കെ കെ എന്നിവർ മറുപടി പ്രസംഗം നടത്തി. പ്രോഗ്രാം കൺവീനർ ഷീജ എം ജെ നന്ദി പ്രകാശിപ്പിച്ചു.

ജെ.സി.ഐ. ഇരിങ്ങാലക്കുടയുടെ 1 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം

ഇരിങ്ങാലക്കുട: ജെ.സി.ഐ. ഇരിങ്ങാലക്കുടയുടെ 20-ാം വർഷ ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന 1 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടേയും ന്യൂ ഇയർ കാർണിവലിന്റേയും ഉദ്ഘാടനം ഇരിങ്ങാലക്കുട മുനിസിപ്പൽ മൈതാനിയൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ വെച്ച് ഇരിങ്ങാലക്കുട രൂപത ബിഷപ് മാർ. പോളി കണ്ണൂക്കാടൻ നിർവഹിച്ചു. ജെ.സി.ഐ. ഇരിങ്ങാലക്കുട പ്രസിഡന്റ് ഡിബിൻ അമ്പുക്കൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഠാണാ ജുമ്മസ്ജിദ് ഇമാം കബിർ മൗലവി, ദേവസ്വം ബോർഡ് ചെയർമാൻ അഡ്വ. സി.കെ.ഗോപി, പ്രോഗ്രാം ഡയറക്ടർ വിപിൻ പാറേമക്കാട്ടിൽ, സെക്രട്ടറി ഷിജു കണ്ടംകുളത്തി, ട്രഷറർ സോണി സേവ്യർ, നിഷിന നിസാർ, ബിനോയ് സെബാസ്റ്റ്യൻ, മുൻ പ്രസിഡന്റുമാരായ ലിയോ പോൾ, ടെൽസൺ കോട്ടോളി, അഡ്വ. ഹോബി ജോളി,സീമ ഡിബിൻ.എന്നിവർ പ്രസംഗിച്ചു. ജൂനിയർ ചേമ്പർ ഇന്റർ നാഷണലിന്റെ 2024 വർഷത്തെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് റാഫേൽ പ്രോപ്പർട്ടീസ് ഉടമ റാഫേൽ പൊഴലി പറമ്പിലിനും, ബിസിനസ് എക്സലൻസ് അവാർഡ് ജെ.പി. ട്രേഡിങ് കമ്പനി ഉടമ ബിനോയ് സെബാസ്റ്റ്യനും,ഫിലാൻ ട്രോഫിസ്റ്റ് അവാർഡ് വിപിൻ പാറേമക്കാട്ടിലിനും, ജെ.സി.ഐ. ഫാമിലി ഐക്കൺ അവാർഡ് നിസാർ അഷറഫ് - നിഷിന നിസാർ ദമ്പതികൾക്കും നൽകി. എ.കെ.പി.എ. ഫോട്ടോഗ്രാഫി സംസ്ഥാന മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ സാന്റോ വിസ്മയ,ബ്രാൻഡ് കീ എം.ഡി. അഞ്ജുമോൻ വെള്ളാനിക്കാരൻ എന്നിവരെ പൊന്നാടയണിച്ച് ആദരിച്ചു. തൃശൂർ റൂറൽ എസ്.പി. ഡോ. നവനീത് ശർമ്മ കൊടി പതാക ഉയർത്തി. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആളൂർ സ്വദേശിക്ക് നൽകുന്ന വീടിന്റെ താക്കോൽ ദാനം നടത്തി, തിരുവനന്തപുരം ഞഇഇ. യിലേക്ക് 20 ആധുനിക വീൽചെയറുകൾ നൽകി, ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലേക്ക് 4 കമ്പ്യൂട്ടറുകൾ നൽകി. നടന്ന കോളേജ് വിദ്യാർത്ഥികളുടെ ഡാൻസ് മൽസരത്തിൽ ക്രൈസ്റ്റ് കോളേജിന് ഒന്നാം സ്ഥാനം 25000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും കരസ്ഥമാക്കി. രണ്ടാം സ്ഥാനം 15000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും സെന്റ് ജോസഫ്സ് കോളേജിനും മൂന്നാം സ്ഥാനീ 10000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും തരണനല്ലൂർ കോളേജിനും ലഭിച്ചു. ഗിന്നസ് സൂബിഷിന്റെ നേതൃത്വത്തിലുള്ള ടീമിന്റെ ബാന്റ്, ഫ്യൂഷൻ, മെഗാ ഷോയും വർണ്ണ മഴയും ഉണ്ടായിരുന്നു

വാരിയർ സമാജം ജില്ലാ കലോൽസവം

തൃശൂർ: സമസ്ത കേരള വാരിയർ സമാജം ജില്ല കലോൽസവം പുങ്കുന്നം ഹരിശ്രീ വിദ്യാനിധി സ്കൂൾ ഓഡിറ്റോറിയത്തിൽ മേള കലാരത്നം ചൊവ്വല്ലൂർ മോഹന വാരിയർ ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡണ്ട് കെ. ഉണ്ണികൃഷ്ണ വാരിയർ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ വി. വി. ഗിരീശൻ, മധ്യമേഖല സെക്രട്ടറി എ.സി. സുരേഷ്, ജില്ല സെക്രട്ടറി വി.വി. സതീശൻ, പി.വി. ശങ്കരൻകുട്ടി വാരിയർ, എൻ. എസ്. സുരേഷ്, ലക്ഷ്മി ഇടക്കുന്നി, ഗീത. ആർ. വാരിയർ, ദേവരാജൻ കുറ്റുമുക്ക് എന്നിവർ പ്രസംഗിച്ചു. ജില്ലയിലെ ഒമ്പത് യൂണിറ്റുകളിൽ നിന്നായി 128 പേർ കലാപരിപാടികളിൽ പങ്കെടുത്തു.

എം.ടി.വാസുദേവൻ അനുസ്മരണവും, ഡയറി പ്രകാശനവും

തൃശൂർ : സാംസ്കാരിക സംഘടനയായ സാക്ഷി കേരള സാഹിത്യ അക്കാദമിയിൽ സംഘടിപ്പിച്ച സാക്ഷിയുടെ കവിതാ സമാഹാരം ഉൾപ്പെടുത്തിയ ഡയറിയുടെ പ്രകാശനം അക്കാദമി സെക്രട്ടറി പ്രൊഫ.സി.പി അബൂബക്കർ നിർവ്വഹിച്ചു.സാക്ഷിപ്രസിഡന്റ് ഇന്ദിര ദേവി അദ്ധ്യക്ഷത വഹിച്ചു.സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം മുഖ്യപ്രഭാഷണം നടത്തി.കവയിത്രി ലൈലാവിനയൻ ഡയറി പുസ്തകം ഏറ്റുവാങ്ങി.സാക്ഷി സെക്രട്ടറി അനസ്ബി എം.ടി. അനുസ്മരണ പ്രഭാഷണം നടത്തി.

രവീന്ദ്രനാഥ് വള്ളത്തോൾ, ഷൈലജ സീന,സരിത മത്തായി,ദിനേഷ് മാക്കൂൽ, ദാസ് ഭട്ടതിരി, എളവൂർ വിജയൻ, രാമവാര്യർ രാജീവ് ചേമഞ്ചേരി,ജിജി ജനൻ, സുധാമണി,ലളിതാ വിജയൻ, രാമചന്ദ്രൻ കല്ലിൽ എന്നിവർ പ്രസംഗിച്ചു.

വാർത്താച്ചുരുക്കം

* പ്രിന്റഡ് ബുക്ക് പോസ്റ്റ് സംവിധാനം നിർത്തലാക്കിയ തപാൽ വകുപ്പിന്റെ നടപടിയിൽ പ്രതിഷേധിച്ച് പുസ്തകപ്രസാദകരുടെ പ്രതിഷേധ ജ്വാല തൃശ്ശൂർ ഹെഡ് പോസ്റ്റ് ഓഫീസിനു മുന്നിൽ നടന്നു . വായനയെ സംരക്ഷിക്കണമെന്ന് പ്രസാധകർ പ്രതിഷേധ ജോലിയിലൂടെ ആവശ്യപ്പെട്ടു
* പ്രൊഫഷണൽ ഫെസ്റ്റിവൽ ആർട്ടിസ്റ്റ് വെൽഫെയർ അസോസിയേഷന്റെ സംസ്ഥാന സമ്മേളനം തൃശ്ശൂരിൽ നടന്നു. ടൗൺ ഹാളിൽ ആയിരുന്നു സമ്മേളനം . നിരവധി കലാരൂപങ്ങൾ അണിനിരന്ന വൻ ഘോഷയാത്ര ഏറെ ഹൃദ്യമായി. പ്രമുഖ കലാകാരന്മാരും സാമൂഹ്യ സാംസ്കാരിക നായകന്മാരും സമ്മേളനത്തിൽ പങ്കെടുത്തു
* തൃശ്ശൂർ ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിലൂടെ നടന്നുകൊണ്ടിരിക്കുന്ന വൻ സാമ്പത്തിക അഴിമതികൾക്കെതിരെ ശക്തമായ സമര പരിപാടികൾ നടത്താൻ ബിജെപി നേതൃത്വത്തിലുള്ള ജില്ലാ സഹകരണ സെൽ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചതായി ഭാരവാഹികൾ അറിയിച്ചു
* തൃശ്ശൂർ സർഗ്ഗസ്വരം സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ എം ടി വാസുദേവൻ നായരുടെ രണ്ടാമൂഴം എന്ന കൃതിയുടെ നാൽപ്പതാം വാർഷിക വാർഷിക സംവാദം സംഘടിപ്പിച്ചു. വൈലോപ്പിള്ളി ഹാളിൽ ആയിരുന്നു പരിപാടി . ക്രിസ്റ്റഫർ കോട്ടക്കൽ രചിച്ച പിറസിന്റെ പരിവർത്തനങ്ങൾ എന്ന നോവൽ പ്രകാശനം ചെയ്തു. നോവലിസ്റ്റ് ശപതഥ് പ്രകാശനം നിർവഹിച്ചു.
* മിശ്രവിവാഹിത ദമ്പതിമാർക്ക് സർക്കാരിൽ നിന്നുള്ള അർഹമായ സാമ്പത്തിക സഹായങ്ങൾ കാലതാമസം ഇല്ലാതെ വിതരണം ചെയ്യണമെന്ന് , അഖില കേരള . മിശ്രവിവാഹ സംഘം, തൃശ്ശൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ചേർപ്പിൽ ആയിരുന്നു സമ്മേളനം നടന്നത്
* തൃശ്ശൂർ പെരിങ്ങാവ് ധന്വന്തരി ക്ഷേത്രത്തിലെ സ്വർഗ വാതിൽ ഏകാദശി മഹോത്സവം തുടങ്ങി. 11-ാം തീയതി സമാപനം. വിപുലമായ പരിപാടികളാണ് നടക്കുന്നത്. 10തീയതിയാണ് ഏകാദശി സുദിനം.
* തൃശൂർ ഗവ:എഞ്ചിനീയറിംഗ് കോളേജിൽ പൂർവ വിദ്യാർത്ഥി ആഗോള സംഗമം നടന്നു. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗമായിരുന്നു സംഘാടകർ. പ്രമുഖ എഞ്ചിനീയർമാർ പങ്കെടുത്തു. മികച്ച പ്രഭാഷണങ്ങൾ, ആദരണീയം പരിപാടികളും ഉണ്ടായി.
* സംഗീതജ്ഞൻ പരമൻ അന്നമനട ഫൗണ്ടേഷന്റെ സർഗ പ്രതിഭാ പുരസ്കാര സമർപ്പണ സമ്മേളനം ജനുവരി 26 ന് നടക്കും. മുനോടിയായി അഖിലകേരള ചലച്ചിത്ര ഗാനാലാപന മത്സരം ജനുവരി 11 ന് നടക്കും
* വേൾഡ് ഫെഡറേഷൻ ഓഫ് ഷോട്ടോക്കാൻ കരാട്ടെയുടെ ബ്ലാക്ക്ബെൽറ്റ് സമർപ്പണ പ്രോഗ്രാം വിപുലമായി നടന്നു. ചിറ്റിലപ്പിള്ളി ഐ.ഇ. എ സിലായിരുന്നു പരിപാടി.
* തൃശൂർ ഹാർമണി അന്തർദേശിയ അവാർഡിന് കവി റഫീക് അഹമ്മദ് അർഹനായി.അമ്പതിനായിരം രൂപ അടക്കം ഉള്ളതാണ് അവാർഡ്
* കപ്പൽ പള്ളി എന്ന പ്രസിദ്ധമായ എ റവ് സെന്റ് തെരാസസ് പള്ളിയിലെ പ്രസിദ്ധ പെരുന്നാൾ തുടങ്ങി. ആറാം തീയതി സമാപനം. 5-ാം തീയതിയാണ് പ്രധാന തിരുനാൾ ദിനം. ധാരാളം റോസാപ്പൂക്കളാൽ അലംകൃതമാകുന്നതാണ് കപ്പൽ പ ള്ളി പെരുന്നാൾ



കാറളം ഗ്രാമ പഞ്ചായത്തിലെ 25-26ലെ വാർഷിക പദ്ധതി പദ്ധതി രൂപീകരണമായി ബന്ധപ്പെട്ട് വർക്കിങ്ങ് ഗ്രൂപ്പ് നടത്തി വൈസ് പ്രസിഡണ്ട് സുനിൽ മാലാന്ത്ര അദ്ധ്യക്ഷത വഹിച്ചു. പ്രസിഡണ്ട് ബിന്ദു പ്രദീപ് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി നന്ദി പറഞ്ഞു

525-ാമത് ജൂബിലി വർഷത്തിന് തിരി തെളിഞ്ഞു

വലപ്പാട്: സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിന്റെ 525-ാം ജൂബിലി ആഘോഷങ്ങൾക്ക് തിരി തെളിഞ്ഞു

ഞായർ രാവിലെ 6.30 ന് പഴുവിൽ സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ നിന്ന് വിശുദ്ധ സെബസ്റ്റ്യാനോസിന്റെ തിരുശേഷിപ്പ് വികാരി ഫാ. ജെൻസ് തട്ടിൽ ഏറ്റു വാങ്ങി, ഇരു ചക്ര വാഹന അകമ്പടികളോടെ ദേവാലയത്തിൽ എത്തിചേർന്നു തുടർന്ന് ജൂബിലി പതാക ഉയർത്തലും, തിരി തെളിയിക്കലും, തിരുശേഷിപ്പ് പ്രതിഷ്ഠയും ഷംഷാബാദ് ബിഷപ്പ് മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ നിർവഹിച്ചു. മിഷൻ പ്രവർത്തനങ്ങൾക്കുള്ള സഹായധനവിതരണവും, ഇടവകയിലെ 155 ഭവനങ്ങളുടെ ലഹരി വിമുക്ത പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി

തുടർന്ന് നടന്ന ദിവ്യബലിക്ക് അദ്ദേഹം മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി ഫാ.ജെൻസ് തട്ടിൽ, ഫാ.ചെറിയാൻ മാളിയേക്കൽ എന്നിവർ സഹകാർമ്മികരായി. ജൂബിലി വർഷത്തോടനുബന്ധിച്ച് ഇടവകയിലെ ഭക്ത സംഘടനകളുമായി സഹകരിച്ച് അർഹരായവർക്ക് ഭവന നിർമ്മാണം, സാധു ജന സംരക്ഷണം തുടങ്ങി ഒരു വർഷം നീണ്ടുനിൽക്കുന്ന നിരവധി കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വികാരി ഫാ. ജെൻസ് തട്ടിൽ, കൈക്കാരൻ മാരായ സി.എ. ജെയിംസ്, ലിജോ ജോർജ്ജ്, സിജോ ഡേവീസ് ജനറൽ കൺവീനർ സെബി ജോർജ്ജ് പി.ആർ.ഒ ഷാജി ചാലിശ്ശേരി എന്നിവർ അറിയിച്ചു. കുടുംബ കൂട്ടായ്മ കൺവീനർ ഇ.ജെ. ജെയിംസ്, ജോസ് ആലപ്പാട്ട്, ഭക്ത സംഘടന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി

കൊട്ടാരക്കരയിൽ നടന്ന 'കിംഗ്സ് കോളജി' ന്റെ ഉദ്ഘാടനച്ചടങ്ങിൽ എൻ. കെ. പ്രേമചന്ദ്രൻ എം.പി. പ്രസംഗിക്കുന്നു. ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ, ദലീമ എം.എൽ. , സീനിയർ ജേണലിസ്റ്റ്സ് ഫോറം സംസ്ഥാന പ്രസിഡന്റ് അലക്സാണ്ടർ സാം, മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു, ശ്രീകണ്ഠൻ നായർ തുടങ്ങിയവരാണു വേദിയിൽ

സർവ്വന്റ്സ് ഓഫ് ഗോഡ് 40-ാം വർഷത്തിലേക്ക്

തൃശൂർ: എൻ കെ ജോസിന്റെ നേതൃത്വത്തിൽ സർവ്വന്റ്സ് ഓഫ് ഗോഡ് 40-ാം വർഷത്തിലേക്ക്. 40 കൊല്ലക്കാലമായി ദിവസവും രോഗികൾക്ക് 2 നേരം ഭക്ഷണവും മരുന്നുകളും വസ്ത്രങ്ങളും വിതരണം ചെയ്തുവരുന്നു. 40-ാം വാർഷികം മുൻമന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഡെ. മേയർ എം എൽ റോസി അധ്യക്ഷയായിരുന്നു. മാർ ടോണി നീലങ്കാവിൽ, മാർ ഔഗിൻ കുര്യാക്കോസ്, ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ, ഡോ. സജീവ്കുമാർ പി, ഷൈജു ബഷീർ, ഫാ. റെന്നി മുണ്ടൻകുരിയൻ, ടി എൻ ആനന്ദപ്രസാദ് തേറയിൽ, ലീല വർഗ്ഗീസ്, റിട്ട. എസ് ഐ അശോക് കുമാർ, ജമാൽ ആർ എച്ച് എന്നിവർ ആശംസകൾ നേർന്നു. സെക്രട്ടറി എം കെ ജെയിംസ് നന്ദി പറഞ്